പദ്ധതിക്ക് ഒരു ടൺ ചരക്ക് 1 കിലോ മീറ്റർ കൊണ്ടുപോകുന്നതിന് ഒരു രൂപ സബ്സിഡി കൊടുക്കാൻ തീരുമാനിച്ചു കേരളമാണ് ആദ്യമായി ഇതിനൊരു തീരുമാനമെടുത്തത്. കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതി രാജ്യമൊട്ടാകെ നടപ്പിലാക്കി കഴിഞ്ഞു. കൊല്ലത്തുനിന്ന് കൊച്ചിയിലേയ്ക്ക് കപ്പൽ പുറപ്പെടുന്നുണ്ട്. ഇതുപോലെ കൊല്ലത്തുവരുന്ന കപ്പലുകൾ ധാരാളമുണ്ട്. ഇതിനെല്ലാം ഈ സബ്സിഡി കൊടുത്തു വരുന്നുണ്ട്. ഈ സബ്സിഡി ആദ്യം ഒരു വർഷത്തേയ്ക്കായിരുന്നു. ഇപ്പോൾ ഒരു വർഷത്തേയ്ക്ക് കൂടി എക്സ്റ്റന്റ് ചെയ്തിട്ടുണ്ട്. കേരളത്തിലേയ്ക്ക് ചരക്കുകൾ കൊണ്ടുവരാൻ സാധിക്കും. ഇപ്പോൾ ഗുജറാത്തിൽ നിന്ന് കൊല്ലത്തേയ്ക്ക് കപ്പൽ വരുന്നുണ്ട്. പക്ഷേ, തിരിച്ച് പോകുമ്പോൾ ഈ കപ്പലുകൾ ചരക്കില്ലാതെ പോകേണ്ടി വരുന്നു. അതാണ് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. ആ പ്രശ്നം കൂടി പരിഹരിക്കാനുള്ള ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഉടൻതന്നെ ഒരു കപ്പൽ വാടകയ്ക്കെടുത്ത് ഓടിക്കാൻ നടപടി സ്വീകരിച്ചു വരികയാണ്.

## ട്രാഫിക് കുറ്റകൃത്യങ്ങൾക്ക് ലൈസൻസ് സസ്പെൻഷൻ

2 (*2) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാഫിക് കുറ്റകൃത്യങ്ങൾക്ക് ലൈസൻസ് സസ്പെന്റ് ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കണമെന്ന സുപ്രീംകോടതിയുടെ റോഡ് സുരക്ഷാ സമിതി യോഗ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തീരുമാനം നടപ്പാക്കാൻ ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) റോഡപകടങ്ങൾക്കു കാരണമാവുന്ന മദ്യപിച്ചുള്ള വാഹന ഡ്രൈവിംഗ്, മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടുള്ള ഡ്രൈവിംഗ്, സിഗ്നൽ അവഗണിച്ചുള്ള ഡ്രൈവിംഗ് തുടങ്ങിയ ട്രാഫിക് നിയമ ലംഘനങ്ങളുടെ കാര്യത്തിൽ ഡ്രൈവിംഗ് ലൈസൻസ് നൽകുമ്പോഴും പുതുക്കുമ്പോഴും കർശന പരിശോധനകളും ബോധവത്ക്കരണവും നടത്തുകയും അതിനുശേഷമുള്ള ലംഘനങ്ങൾ ഗൗരവപൂർവ്വം കണ്ട് കർശന ശിക്ഷാ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) ഉണ്ട്.

(ബി) സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷാ സമിതിയുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ മോട്ടാർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങളിലൊന്ന് ഇരുചക്രവാഹനങ്ങളിലെ പിൻസീറ്റ് യാത്രക്കാർക്കും ഹെൽമറ്റ് നിർബന്ധമാക്കുക എന്നതാണ്. കേരളത്തിന്റെ പ്രത്യേക സാഹചര്യവും പ്രായോഗികവശവും കണക്കിലെടുത്ത് 1989-ലെ കേരള മോട്ടാർ വാഹന ചട്ടത്തിൽ ചട്ടം 347(എ) ഉൾപ്പെടുത്തിക്കൊണ്ട് ഇരുചക്ര വാഹനത്തിന്റെ പുറകിലിരുന്ന് യാത്ര ചെയ്യുന്ന ആൾ ഹെൽമറ്റ് ധരിക്കണമെന്ന വ്യവസ്ഥയിൽ നിന്നും സംസ്ഥാന സർക്കാർ ഇളവ് നൽകിയിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും അഭിപ്രായം ആരാഞ്ഞതിനുശേഷമാണ് ഈ ഇളവ് അനുവദിച്ചിരിക്കുന്നത്. എന്നാൽ ഈ ഭേദഗതിയെ ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. 1989-ലെ കേരള മോട്ടാർ വാഹന ചട്ടങ്ങളിൽ ചട്ടം 347 (എ) ഉൾപ്പെടുത്തിക്കൊണ്ട് ഇരുചക്രവാഹനങ്ങളിൽ പിൻസീറ്റ് യാത്രക്കാരെ ഹെൽമറ്റ് ധരിക്കുന്നതിൽ നിന്നും ഒഴിവാക്കാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടും ഈ കേസിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

(സി) റോഡപകടങ്ങൾക്ക് കാരണമാകുന്ന മദ്യപിച്ചുള്ള വാഹന ഡ്രൈവിംഗ്, മൊബൈൽ ഫോണിൽ സംസാരിച്ച് കൊണ്ടുള്ള ഡ്രൈവിംഗ്, സിഗ്നൽ അവഗണിച്ച് കൊണ്ടുള്ള ഡ്രൈവിംഗ് തുടങ്ങിയ ട്രാഫിക് നിയമലംഘനങ്ങളുടെ കാര്യത്തിൽ നിലവിലെ മോട്ടാർ വാഹന നിയമ പ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലേണേഴ്സ് ലൈസൻസ് നൽകുന്നതിന് മുമ്പായി ഗതാഗത നിയമങ്ങൾ സംബന്ധിച്ച പരിശീലന ക്ലാസുകൾ നൽകി വരുന്നുണ്ട്. സുപ്രീം കോടതി നിയോഗിച്ച സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും കൗൺസലിംഗ് നൽകുന്നുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾക്കുള്ള കാരണങ്ങളായ ഡ്രൈവറുടെ അതിവേഗത, റോഡ് നിർമ്മാണത്തിലെ അപാകത, റോഡ് പരിപാലനത്തിലെ അനാസ്ഥ, വാഹനങ്ങളുടെ സാങ്കേതികമായ അയോഗ്യത, പൊതുജനങ്ങളുടെ അനുസരണയില്ലായ്മ, മദ്യപാനം, മൊബൈൽ ഫോൺ അഡിക്ഷൻ തുടങ്ങിയ എല്ലാ വിഷയങ്ങളേയും ഒരുപോലെ അഭിമുഖീകരിക്കാനാവശ്യമായ രീതിയിൽ സമഗ്രമായ ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞ നിർദ്ദേശങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. അങ്ങനെയൊരു കോ-ഓർഡിനേഷൻ ഉണ്ടെങ്കിൽ മാത്രമേ ആക്സിഡന്റുകളുടെ എണ്ണം കുറയ്ക്കാൻ കഴിയുകയുള്ളൂ. അങ്ങയുടെ നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ ഫോഴ്സ് ട്രാഫിക് പോലീസിൽ ഇല്ലെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അതൊക്കെ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; അതുപോലെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വായിച്ച മറുപടിയിൽ പിൻസീറ്റ് യാത്രക്കാരന് ഹെൽമറ്റ് ധരിക്കുന്നതിൽനിന്നും സംസ്ഥാന സർക്കാർ ഇളവ് നൽകിയിട്ടുണ്ട് എന്നാണ്. അതിനെതിരെ ആരോ ഹൈക്കോടതിയെ സമീപിച്ചപ്പോൾ ഇളവ് നൽകുന്ന സാഹചര്യം വിശദീകരിക്കുവാനും ഹൈക്കോടതിയെ ബോധ്യപ്പെടുത്താനും സർക്കാർ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിനോട് ഒരിക്കലും യോജിക്കാൻ കഴിയില്ല. പിൻസീറ്റിലിരിക്കുന്ന യാത്രക്കാരും ഹെൽമറ്റ് ധരിക്കുക എന്നുള്ളത് അത്യാവശ്യ കാര്യമാണ്. പൊതുജനങ്ങളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടെന്ന് മന്ത്രി പറയുന്നുണ്ടെങ്കിലും സർക്കാർ നൽകിയ ഇളവ് പിൻവലിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, 2003-ലാണ് മോട്ടോർ വെഹിക്കിൾസ് റൂളിലെ പ്രൊവിഷനിൽ 347(എ) എന്നൊരു അമന്റ്മെന്റ് കൊണ്ടുവന്നത്. അന്നത്തെ സാഹചര്യത്തിൽ അങ്ങനെ ഒരു തീരുമാനമെടുക്കാൻ കാരണം, സെക്രട്ടേറിയറ്റിലെ വനിതാ ജീവനക്കാരുൾപ്പെടെയുള്ള എല്ലാവരുടെയും പൊതുവായ ആവശ്യമായിരുന്ന പിൻസീറ്റിൽ ഇരുന്ന് യാത്രചെയ്യുന്നവർക്കുകൂടി ഹെൽമറ്റ് നിർബന്ധമാക്കുക എന്നുള്ളത്. അങ്ങനെയൊരാവശ്യം വന്നപ്പോൾ ഗവൺമെന്റ് നിയമം പരിശോധിക്കുകയും ടർബൺ വയ്ക്കുന്ന ആളുകൾക്ക് നിബന്ധനകളിൽ ഇളവ് കൊടുക്കാം എന്നുള്ള തീരുമാനം എടുക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിലാണ് 347(എ) എന്ന പുതിയ അമെന്റ്മെന്റ് കൊണ്ടുവന്നത്. ആ അമെന്റ്മെന്റിനെയാണ് ചോദ്യം ചെയ്തിരിക്കുന്നത്. കോടതി പറഞ്ഞ രൂപത്തിൽ കാര്യങ്ങൾ കൊണ്ടുപോകാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. പക്ഷേ മേൽക്കോടതിയുടെ അഭിപ്രായംകൂടി ആരായുന്നതിനുവേണ്ടി അപ്പീൽ നൽകുന്നതിനുവേണ്ടിയുള്ള നടപടികളാണ് ഇപ്പോൾ നടത്തുന്നത്. കേരളത്തിലെ വനിതാ ജീവനക്കാരുൾപ്പെടെയുള്ളവരുടെ താൽപ്പര്യമാണ് ഗവൺമെന്റിന്റെ മുൻപിൽ എത്തിയത്. അത് പൊതുചർച്ചയ്ക്ക് വിധേയമാക്കുന്നതിൽ വിരോധമില്ല. ഏതായാലും ഗവൺമെന്റ് ഇതുവരെയെടുത്ത നടപടികൾ ഞാൻ വിശദീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. പി. കെ. ബഷീർ</u> : സർ, അമിത വേഗത, മദ്യപാനം ഒക്കെയാണ് റോഡപകടങ്ങളുടെ കാരണം എന്നുപറയുന്നു. അതിനെക്കാളുമപ്പുറം വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കുമ്പോൾ, ഉദാഹരണമായി ഒരു ബസ് പെട്ടെന്ന് നിർത്തുമ്പോൾ അതിന്റെ ബ്രേക്ക് ലൈറ്റ് കത്താറില്ല. ഇതിന്റെ പിന്നിൽ പോയാണ് ഇരുചക്ര വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത്. ഒരു വാഹനം പെട്ടെന്ന് നിർത്തുമ്പോൾ അതിനൊരു സിഗ്നൽ നമ്മുടെ ഇപ്പോഴത്തെ സംവിധാനത്തിൽ ഇല്ല. ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ടെസ്റ്റ് നടത്തുന്ന സമയത്തുമാത്രം ബ്രേക്ക്ലൈറ്റ് കത്തും. ഇത് പരിശോധിക്കുവാനോ മറ്റ് നടപടികളെടുക്കുവാനോ നമ്മുടെ ഉദ്യോഗസ്ഥർ തയ്യാറാകുന്നില്ല. ഇരുചക്ര വാഹനങ്ങളാണ് കൂടുതലും അപകടങ്ങളിൽപ്പെടുന്നത്. അതുപോലെതന്നെ വളവിൽ വച്ച് വാഹനങ്ങൾ ചെക്ക് ചെയ്യുന്ന പോലീസിന്റേയും മോട്ടോർ വാഹന വകുപ്പുദ്യോഗസ്ഥരുടെയും നടപടികൾ നിർത്തലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങ് നിർദ്ദേശരൂപത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പരിഗണനാർഹമാണ്. അത് പരിശോധിക്കാൻ കഴിയുന്ന കാര്യമാണ്. അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിക്കണം. അതിനുവേണ്ടി ബോധവത്ക്കരണവും ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റും വേണ്ടിവരും. ഇക്കാര്യങ്ങളൊക്കെ ചെയ്യുന്നുണ്ട്. കേരളത്തിൽ അപകടങ്ങൾ പരമാവധി കൺട്രോൾ ചെയ്യുന്നതിനു വേണ്ടിയുള്ള നടപടികൾ കൈക്കൊള്ളുകയാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, ട്രാഫിക് നിയമങ്ങൾ കർശനമാക്കുമ്പോഴും പുതിയ പുതിയ പരിഷ്കാരങ്ങൾ നടപ്പാക്കുമ്പോഴും നമ്മുടെ നാട്ടിൽ റോഡപകടങ്ങളും ട്രാഫിക് നിയമലംഘനങ്ങളും വർദ്ധിക്കുകയാണ്. നിയമം കർശനമാക്കിയാൽ മാത്രം ഇക്കാര്യങ്ങൾ നിയന്ത്രിക്കാൻ സാധിക്കുകയില്ലായെന്നാണ് ഇതിൽനിന്നും നമ്മൾ മനസ്സിലാക്കേണ്ടത്. നിയമങ്ങൾ അനുസരിക്കുക എന്നുള്ളത് നമ്മുടെ സംസ്കാരത്തിന്റേയും സ്വാഭാവത്തിന്റേയും ഭാഗമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനനുസൃതമായി ബോധവൽക്കരണ പരിപാടികളുൾപ്പെടെ എന്ത് പദ്ധതികളാണ് കൊണ്ടുവരാനുദ്ദേശിക്കുന്നത്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങിവിടെ സൂചിപ്പിച്ചതുപോലെ ബോധവൽക്കരണത്തിനുവേണ്ടിയുള്ള പൊതുബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇതുകൂടാതെ ഡ്രൈവർമാർക്ക് ട്രെയിനിംഗ് കൊടുക്കുന്നതിനുള്ള നടപടിയുണ്ട്. അതോടൊപ്പംതന്നെ ലൈസൻസ് കൊടുക്കുന്നതിനുമുമ്പ് അവർക്ക് കൗൺസലിംഗ് കൊടുക്കുന്നുണ്ട്. ഇതൊക്കെ ഇവിടെ നടത്താനും കർശനമായി പാലിക്കാനും നിബന്ധനകളുണ്ട്. വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവാണ്

Page 5 of 15

കേരളത്തിലെ ഒരു പ്രധാന പ്രശ്നം. കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 96,48,320 വാഹനങ്ങളാണ് ഇപ്പോൾ റോഡിൽ ഓടിക്കൊണ്ടിരിക്കുന്നത്. 8,73,279 വാഹനങ്ങളാണ് ഇക്കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളത്. വാഹനങ്ങളുടെ എണ്ണം വളരെ പെരുകുകയാണ്. അതാണ് പ്രധാനപ്പെട്ട കാര്യം. ഏതായാലും വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി ഗവൺമെന്റിന് ആകുന്ന രൂപത്തിലുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. റ്റി. എ. അഹമ്മദ് കബീറിനുവേണ്ടി (ശ്രീ.പി. ഉബൈദുള്ള) : സർ, ട്രാഫിക് നിയമം കർശനമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടെന്ന് അങ്ങിവിടെ പറയുകയുണ്ടായി. എന്നാൽ ഈയിടെയായി വാഹനാപകടങ്ങൾ പെരുകിവരികയാണ്. നിരവധി വാഹനാപകടങ്ങളിലായി നിരവധി ആളുകളുടെ ജീവൻ അപഹരിക്കുന്ന സംഭവമുണ്ടായി. ഇതിന്റെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തുന്നതിന് ഗവൺമെന്റ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; അതോടൊപ്പം സ്ഥിരമായി റോഡപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് എന്തെങ്കിലും സുരക്ഷാനടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ; മറ്റ് രാജ്യങ്ങളിലൊന്നും നമ്മുടെ സംസ്ഥാനത്തുണ്ടാകുന്നതുപോലെയുള്ള വാഹനാപകടങ്ങൾ ഉണ്ടാകുന്നില്ല. കാരണം നിയമങ്ങൾ നടപ്പാക്കാൻ കർശനമായി മുന്നോട്ടുവരുന്നതുകൊണ്ടാണ് വിദേശരാജ്യങ്ങളിൽ വാഹനാപകടങ്ങൾ കുറഞ്ഞുവരുന്നത്. അതുകൊണ്ട് നിയമം വാക്കിൽ മാത്രം കർശനമാക്കാതെ വിദേശരാജ്യങ്ങളിലെന്നപോലെ പ്രായോഗികമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം accept ചെയ്യാവുന്നവയാണ്. വാഹനാപകടങ്ങൾ പെരുകുന്നു എന്നുപറയുന്നത്, 2013-ൽ 18375 വാഹനാപകടങ്ങളാണുണ്ടായത്. 2014 ആയപ്പോൾ അത് 17226 ആയി കുറഞ്ഞു. അതിനുശേഷം 2015 സെപ്റ്റംബർ മാസം 30-ാം തീയതിവരെ 17508 വാഹനാപകടങ്ങളുണ്ടായിട്ടുണ്ട്. അപ്പോൾ കൂടിയും കുറഞ്ഞും നിൽക്കുകയാണ്. അത് വീണ്ടും വളരെ കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് നമുക്കാവശ്യം. ആ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്.

ശ്രീ. മാത്യു റ്റി. തോമസ് : സർ, ബഹുമാനപ്പെട്ട മന്ത്രി വാഹനങ്ങളുടെ പെരുപ്പമാണ് അപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള കാരണമെന്ന് പറയുകയുണ്ടായി. ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്തെ കാര്യം പറഞ്ഞു. ഞങ്ങളുടെ ഗവൺമെന്റ് ആയിരുന്നതുകൊണ്ട് അപകടങ്ങൾ കുറഞ്ഞു എന്നല്ല പറയുന്നത്. 2006-ൽ 32 ലക്ഷം വാഹനങ്ങൾ മാത്രമുണ്ടായിരുന്നപ്പോൾ 42,000 റോഡപകടങ്ങളുണ്ടായിരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഏതാണ്ട് 70 ലക്ഷം വാഹനങ്ങളായി വർദ്ധിച്ചപ്പോൾ വാഹനാപകടങ്ങളുടെ എണ്ണം ഏകദേശം 35,000 ആയി കുറഞ്ഞു. ഇതിന്റെ കാരണങ്ങൾ പരിശോധിക്കണം. വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമാകുന്നില്ല എന്നുള്ളതാണ് ഇവിടെയുള്ള പ്രശ്നം. നമ്മളെല്ലാവരുംകൂടി ചർച്ച ചെയ്ത് പാസ്സാക്കിയ റോഡ് സേഫ്റ്റി അതോറിറ്റി ബിൽ അനുസരിച്ച് വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്ത് വസൂലാക്കുന്ന Onetime Cess ഈ അതോറിറ്റിക്ക് ലഭിക്കുന്നുണ്ടോ; പെറ്റി കേസുകളിൽ പിഴ ഈടാക്കുന്നതിന്റെ പകുതി റോഡ് സേഫ്റ്റി അതോറിറ്റിക്ക് കൊടുക്കണമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ട്. പക്ഷേ ഇന്നേവരെ ഒരു പൈസയും അക്കാര്യത്തിൽ റോഡ് സേഫ്റ്റി അതോറിറ്റിക്ക് ലഭിക്കുന്നില്ല. റോഡ് സേഫ്റ്റി അതോറിറ്റിക്ക് ലഭ്യമാക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മുഴുവൻ പണവും ലഭ്യമാക്കാനും അത് യഥാവിധി ചെലവാക്കുന്നുണ്ട് എന്നുറപ്പുവരുത്താനും കൂടുതൽ ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങ് പറഞ്ഞ കാര്യങ്ങളോട് പൊതുവായി ഞാൻ യോജിക്കുന്നു. റോഡ് സേഫ്റ്റി അതോറിറ്റിക്ക് ലഭിക്കേണ്ട പണം കുറച്ചുകൂടി കിട്ടാനുണ്ട്. അങ്ങയുടെ കാലത്തും കിട്ടിയിട്ടില്ല, ഇക്കാലത്തും കിട്ടിയിട്ടില്ല. എന്താണ് കാര്യം എന്നുള്ളത് നമുക്ക് പരിശോധിക്കാം. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ, വാഹനങ്ങളുടെ എണ്ണം അന്നുണ്ടായിരുന്നതിനേക്കാൾ ഇപ്പോൾ ഒരു കോടിക്ക് തൊട്ടുതാഴെയായി. പക്ഷേ നമ്മുടെ റോഡുകളുടെ സൗകര്യം അതനുസരിച്ച് ഡെവലപ് ചെയ്യുന്നില്ല. ഇതിന്റെയൊരു പ്രൊപ്പോർഷൻ വ്യത്യാസപ്പെട്ട് നിൽക്കുന്ന കാര്യമുണ്ട്. അതേസമയം അതിനേക്കാൾ അപ്പുറത്ത് മദ്യപിച്ചുള്ള വാഹന ഡ്രൈവിംഗ്, ടെലിഫോണിൽ സംസാരിച്ചുകൊണ്ട് വാഹനമോടിക്കൽ തുടങ്ങിയ ചില കാര്യങ്ങളുണ്ട്. അവിടെയാണ് കാര്യമായി ഒരു ഇന്റർഫിയറൻസ് നടത്താൻ കഴിയുന്നത്. ആ ഇന്റർഫിയറൻസ് നടത്തുന്നുണ്ട്. അതുകൊണ്ടാണ് അന്നുണ്ടായിരുന്ന വാഹനാപകടങ്ങളുടെ റേറ്റിംഗും ഇന്നത്തെ പ്രൊപ്പോർഷനും, വാഹനാപകടങ്ങളുടെ ടോട്ടൽ നമ്പരും അന്നത്തെ വാഹനാപകടങ്ങളുടെ നമ്പരും ഇന്നത്തെ വാഹനങ്ങളുടെ ടോട്ടൽ നമ്പരും ഇന്നത്തെ വാഹനാപകടങ്ങളുടെ നമ്പരും പരിശോധിക്കുമ്പോൾ റേഞ്ചിൽ വലിയ വ്യത്യാസം ഉള്ളതായി തോന്നുന്നില്ല. ഏതായാലും കർക്കശമായ രൂപത്തിൽ നടപടി വേണമെന്നുള്ള പൊതുചിന്ത പൂർണ്ണമായി അംഗീകരിക്കുകയാണ്.

<u>ശ്രീ. കെ. അച്ചുതൻ</u> : സർ, ശ്രീ. സാജു പോളിന്റെ നിയോജകമണ്ഡലത്തിലെ പെരുമ്പാവൂരിൽ ഒരു കാർ കെ. എസ്. ആർ. ടി. സി. ബസിൽ ഇടിച്ച് നാലു പേർ മരിച്ചു. ആ സംഭവത്തിൽ ബസിനെതിരായി കേസെടുക്കും എന്നാണ് പറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരുന്നത്. കാരണം ബസ് നേരെ വരുമ്പോൾ കാറിന്റെ ടയർ പൊട്ടി ബസിനകത്ത് കാർ കയറിയിട്ടാണ് നാലുപേർ മരിച്ചതും ഒരാൾ സീരിയസ്സായി ചികിത്സയിൽ കഴിയുന്നതും. ഒരു കുറ്റവും ചെയ്യാതെ വന്ന ബസുകാരന്റെ പേരിൽ കേസെടുത്തു. അയാൾ കുറ്റം ചെയ്തതല്ല. കാറിന്റെ ടയർ പൊട്ടി പോയതാണ്. ഇങ്ങനെയുള്ള കേസുകളിൽ വ്യക്തമായ ഒരു നയം പറയാൻ തയ്യാറാകണം. അല്ലെങ്കിൽ അത് വളരെ ബുദ്ധിമുട്ടുണ്ടാകുന്ന കാര്യമാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ഇവിടെ നയപരമായ പ്രശ്നമില്ല. കുറ്റം ചെയ്യുന്നവൻ ശിക്ഷിക്കപ്പെടണം. കുറ്റം ചെയ്യുന്നവർക്കെതിരെ നടപടി എടുക്കണം. അങ്ങ് പറഞ്ഞ കാര്യം പരിശോധിക്കാം. ഈ കൂട്ടത്തിൽ ഞാൻ ഒരു കാര്യം കൂടി പറയാം. ഈയടുത്ത സമയത്ത് മലപ്പുറത്ത് ദാരുണമായ ഒരു അപകടം ഉണ്ടായി. ആ അപകടത്തിന്റെ കാര്യം നമ്മൾ പരിശോധിച്ചപ്പോൾ, മണിപ്പൂരിൽ നിന്നും ലഭിച്ച ഡ്രൈവിംഗ് ലൈസൻസ് വച്ചാണ് ഡ്രൈവർ വണ്ടി ഓടിച്ചിരുന്നത്. കേരളത്തിൽ ഇതുപോലുള്ള ഡ്രൈവിംഗ് ലൈസൻസുകൾ കറക്ടാണോ എന്ന് പരിശോധിക്കുന്ന തിനുവേണ്ടി കർക്കശ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതനുസരിച്ചുള്ള പരിശോധന കേരളത്തിൽ നടക്കുകയും ചെയ്യുന്നുണ്ട്. വ്യാജ ഡ്രൈവിംഗ് ലൈസൻസ് കൈവശപ്പെ ടുത്തിയതിനുശേഷം ഡ്രൈവിംഗ് നടത്തുന്ന ആളുകളും നമ്മുടെ സമൂഹത്തിൽ ഉണ്ട്. അതുകൊണ്ട് അതിന്റെ പരിശോധന കർക്കശമാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

<u>ശ്രീ. എം. ചന്ദ്രൻ</u> : സർ, പി.ഡബ്ല്യൂ.ഡി. ഡിപ്പാർട്ടുമെന്റാണ് റോഡപകടങ്ങളിൽ ഒരു പ്രധാനപ്പെട്ട പങ്ക് ഏറ്റെടുക്കേണ്ടത്. പി.ഡബ്ല്യൂ.ഡി. റോഡുകളിൽ ആവശ്യമായ സിഗ്നൽ സംവിധാനം നടപ്പിലാക്കുന്നില്ല. അതുപോലെതന്നെ താഴ്ചയുള്ള പ്രദേശങ്ങളിൽ കൈവരി വയ്ക്കാത്തതിനാൽ വണ്ടികൾ താഴേയ്ക്ക് മറിഞ്ഞുവീണ് വലിയ അപകടം ഉണ്ടാകുന്നുണ്ട്. ആലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ഒരു കുടുംബത്തിലെ അഞ്ചുപേരും ഡ്രൈവറും പുതുക്കാട് വച്ച് വെള്ളത്തിൽ വീണ് മരിച്ചത് കഴിഞ്ഞ ദിവസമാണ്. കൈവരിയില്ലാത്തതുകൊണ്ടാണ് ഇത് സംഭവിച്ചത്. നിരവധി തവണ ജനങ്ങൾ ആവശ്യപ്പെട്ടിട്ടും അവിടെ കൈവരി കെട്ടിയില്ലായെന്നും പത്രത്തിൽ വാർത്ത വന്നതാണ്. ചെറുപ്പക്കാരായ സ്കൂട്ടർ യാത്രക്കാരും ബൈക്ക് യാത്രക്കാരുമാണ് മദ്യപിച്ച് വാഹനം ഓടിച്ച് അപകടം ഉണ്ടാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത്. അപകടങ്ങളുടെ കാരണങ്ങളെക്കുറിച്ച് അന്വേഷിക്കുമ്പോൾ, മദ്യപിച്ച് വണ്ടി ഓടിച്ചിട്ടാണ് അധിക അപകടങ്ങളും ഉണ്ടാകുന്നതെന്നാണ് പോലീസ് പറയുന്നത്. ഇതിന്റെ പരിശോധന നടത്താൻ ആവശ്യമായ സംവിധാനമില്ല. മാസാവസാനമാണ് പരിശോധന

നടത്തുന്നത്. പിരിവാണെന്ന് പറഞ്ഞ് ജനങ്ങൾ പരിഹാസ്യമായിട്ടാണ് അതിനെ കാണുന്നത്. അങ്ങനെ പിരിവ് നടത്താൻവേണ്ടി പരിശോധന നടത്തുന്നതിനുപകരം ഇതിന്റെയൊക്കെ കാരണം കണ്ടെത്തി അപകടം കുറയ്ക്കാനും ബോധവൽക്കരണം നടത്താനും ആവശ്യമായ നടപടി അങ്ങ് സ്വീകരിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഡിപ്പാർട്ടുമെന്റിന് സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കും. അങ്ങ് പറഞ്ഞതുപോലെ കുറവുകൾ എന്തെങ്കിലും ചൂണ്ടിക്കാണിച്ചാൽ ആ കുറവ് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്യാം. ദാരുണമായ റോഡപകടങ്ങൾ ഉണ്ടാകുന്നുവെന്നുള്ളത് നമ്മുടെ മനസ്സാക്ഷിയെ വേദനിപ്പിക്കുന്ന പ്രശ്നമാണ്. അത് ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഞാൻ നേരത്തേ പറഞ്ഞതുപോലെയുള്ള നടപടികൾ നമ്മൾ സ്വീകരിക്കുന്നത്. കർക്കശമായി അത് പാലിക്കുന്നതിനുള്ള എൻഫോഴ്സ്മെന്റ് നടപ്പാക്കാൻ ശ്രമിക്കുന്നുണ്ട്. അതിനോട് സമൂഹവും യോജിക്കണം എന്നതാണ് എന്റെ അഭ്യർത്ഥന.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ട്രാഫിക് കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി കർശന നടപടികൾ ആരംഭിച്ചതിനുശേഷം വാഹനാപകടങ്ങളുടെ എണ്ണം വളരെയധികം കുറഞ്ഞു എന്നുള്ളത് വസ്തുതയാണ്. കാമ്പസുകളിലും സ്കൂളുകളിലുമാണ് ഗതാഗത നിയമങ്ങളെ സംബന്ധിച്ചുള്ള ശരിയായ അവബോധം ഉണ്ടാക്കിക്കൊണ്ടുവരേണ്ടത്. അതുകൊണ്ട് സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് അഗ്രസീവായിട്ടുള്ള ഒരു ട്രാഫിക് അവയർനെസ് ക്യാമ്പയിൻ അങ്ങയുടെ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞ നിർദ്ദേശം അംഗീകരിക്കുകയാണ്. ഒരു അഗ്രസീവായിട്ടുള്ള ക്യാമ്പയിൻ നടത്തുന്നതിനുവേണ്ടി ഡിപ്പാർട്ടുമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, ട്രാഫിക് സംവിധാനത്തെ സംബന്ധിച്ച് വളരെ ഗൗരവമായി ആലോചിക്കേണ്ട ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. വാഹനങ്ങളുടെ എണ്ണം വളരെ കൂടുതലായി വർദ്ധിച്ചുവരികയാണ്. പോലീസും വെഹിക്കിൾ ഡിപ്പാർട്ടുമെന്റും ട്രാഫിക് പരിശോധന നടത്തുന്നുണ്ട്. ആ പരിശോധനയൊന്നും കൃത്യമായി നടക്കുന്നില്ല. അതുകൊണ്ട് കൂടുതൽ വെഹിക്കിൾ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനും പരിശോധന കർശനമാക്കുന്നതിനും അവർക്ക് അധികാരം കൊടുക്കുന്നത് സംബന്ധിച്ചും ഗവൺമെന്റ് ആലോചിക്കുമോ ? അതോടൊപ്പം റോഡ് സുരക്ഷാ ഫണ്ട് നമുക്ക് കൃത്യമായി ലഭിക്കുന്നില്ലെന്ന് പറഞ്ഞു. റോഡ് സുരക്ഷാ ഫണ്ട് കൃത്യമായി ലഭിക്കുന്നതിനും ആ ഫണ്ട് ഉപയോഗിച്ച് അപകടങ്ങൾ ഒഴിവാക്കത്തക്ക നിലയിൽ സൈൻ ബോർഡുകളോ

LIBRARY ARCHIVES Kerala Legislative Assembly

സിഗ്നൽ ലൈറ്റുകളോ അടക്കം സ്ഥാപിച്ചുകൊണ്ട് വാഹനാപകടം കുറയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ട്രാഫിക് പോലീസും വെഹിക്കിൾ ഡിപ്പാർട്ടുമെന്റും ചേർന്നുകൊണ്ടുള്ള ഒരു സംവിധാനത്തെക്കുറിച്ചും ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിലെ അംഗസംഖ്യ അങ്ങേയ്ക്ക് അറിയാവുന്നതാണ്. അതുകൊണ്ട് ഉള്ള അംഗസംഖ്യ വച്ച് പരമാവധി എൻഫോഴ്സ്മെന്റ് നടത്തുക എന്നുള്ളതാണ് ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തിൽ ഏറ്റവും കൂടുതൽ വരുമാനം ഉണ്ടാക്കുന്ന, ട്രഷറിയിലേയ്ക്ക് പണം എത്തിച്ചു കൊടുക്കുന്ന രണ്ടാമത്തെ ഡിപ്പാർട്ടുമെന്റാണ് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ്. പക്ഷെ, തത്തുല്യമായ രൂപത്തിലുള്ള അംഗസംഖ്യ അവിടെ ഇല്ല എന്നൊരു പരാതി ദീർഘകാലമായി നിലനിൽക്കുന്നുണ്ട്. അത് അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായി, റോഡ് സുരക്ഷാ അതോറിറ്റിയുടെ മുൻപിൽ വന്നിട്ടുള്ള പ്രൊപ്പോസലുകൾ ഞങ്ങൾ കാര്യമായി പരിഗണിക്കുന്നുണ്ട്. അവർക്ക് ആവശ്യമായിട്ടുള്ള സപ്പോർട്ടും നൽകുന്നുണ്ട്.

<u>ശ്രീ. വർക്കല കഹാർ</u> : സർ, തിരുവനന്തപുരം ജില്ലയിലെ മാമത്ത് കഴിഞ്ഞ ദിവസം ഉണ്ടായ ബസ് അപകടത്തിൽ മൂന്നുപേർ മരണപ്പെടുകയും ഗുരുതരമായ പരിക്കുപറ്റി നിവധി ആളുകൾ ജീവച്ഛവം പോലെ ശയ്യയിലുമാണ്. പട്ടികജാതി കുടുംബങ്ങളിൽപ്പെട്ട ഇവർ ഓരോ കുടുംബത്തിന്റെയും പ്രതീക്ഷകളാണ്. ബഹുമാന്യനായ മുഖ്യമന്ത്രി അവരുടെ വീടുകളിൽ എത്തി അവരെ ആശ്വസിപ്പിക്കുകയുണ്ടായി. ഇവരുടെ കുടുംബങ്ങൾക്ക് കാര്യമായ സാമ്പത്തിക സഹായം നൽകുന്നതിനുള്ള പ്രഖ്യാപനവും നടപടിയും ഉണ്ടാകണം. അതോടൊപ്പം കടമ്പാട്ടുകോണം മുതൽ ഇങ്ങോട്ടുള്ള പ്രദേശങ്ങളിലായി കഴിഞ്ഞ ഒരു വർഷത്തിൽ ഏകദേശം നൂറുപേരോളം അപകടത്തിൽ മരണപ്പെട്ടിട്ടുണ്ട്. അപകടക്കെണി പതിയിരിക്കുന്ന ഈ പ്രദേശങ്ങളെ എങ്ങനെ അപകടമുക്തമാക്കണമെന്നുള്ള ശാസ്ത്രീയ പഠനങ്ങൾ എന്തുകൊണ്ട് നടത്താൻ പറ്റുന്നില്ല ? ആ പ്രദേശങ്ങളെ നിരന്തരമായി ഉണ്ടാകുന്ന അപകടങ്ങളിൽനിന്നും രക്ഷപ്പെടുത്തുന്നതിനുള്ള കാര്യക്ഷമമായ നടപടിയും ഉണ്ടാകണം എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഇവിടെ സൂചിപ്പിച്ചതുപോലെ ബസ്സപകടത്തിൽപ്പെട്ട ആളുകളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരുടെ ഭവനത്തിൽ പോയി ആശ്വസിപ്പിച്ചിരുന്നു. ഗവൺമെന്റ് ആവശ്യമായ സഹായങ്ങൾ ചെയ്യും എന്ന് മുഖ്യമന്ത്രി തന്നെ പ്രഖ്യാപിച്ചിരുന്നു. ആക്സിഡന്റ് പ്രോൺ ഏരിയായിൽ ചെയ്യേണ്ട ചില നടപടികൾ എടുക്കുന്നുണ്ട്. അതുകൂടാതെ സ്പീഡ് ലിമിറ്റിനുവേണ്ടി സർവ്വയലൻസ് ക്യാമറ അടക്കമുള്ള കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. അയിഷാ പോറ്റി : സർ, റോഡപകടങ്ങൾ പെരുകുന്നതു സംബന്ധിച്ചുള്ള ഒട്ടേറെ കാര്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. അവയർനെസ് ക്യാമ്പുകൾ സംഘടിപ്പിക്കുമെന്നും നടപടിയെടുക്കുമെന്നും പറഞ്ഞു. പക്ഷെ ഇതെല്ലാം ചെയ്യുമ്പോഴും ദിവസേന നിയമ ലംഘനങ്ങൾ നടന്നുകൊണ്ടിരിക്കുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. രാത്രി യാത്ര ചെയ്യുപോകുമ്പോൾ ഡിം ലൈറ്റ് ഇടാതെ പോകുന്നത് മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. ഇവിടെ സൂചിപ്പിച്ചതുപോലെ നല്ല രീതിയിൽ പണി ചെയ്തിട്ടിരിക്കുന്ന റോഡുകളിൽ ടെലിഫോൺ കേബിളുകൾ ഇടുന്നതിനായി പട്ടുകഴികൾ ഉണ്ടാക്കാൻ അനുമതി കൊടുക്കുന്നത് വലിയ തോതിൽ അപകടങ്ങൾ ഉണ്ടാക്കുന്നുണ്ട്. പലപ്പോഴും ഇടതു സൈഡിൽ കൂടി ചേർന്നുപോകുമ്പോഴാണ് കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്നത്. ലെഫ്റ്റ് സൈഡ് ഓവർ ടേക്കിംഗ് പോലുള്ള കാര്യങ്ങൾ നിരീക്ഷിക്കാനും കർശന നടപടികൾ സ്വീകരിക്കാനും നടപടിയെടുക്കണം. മുൻ മന്ത്രി ശ്രീ. എ. കെ. ബാലൻ ഇവിടെ സൂചിപ്പിച്ചു, അദ്ദേഹം ചൈനയിൽ പോയപ്പോൾ ഒറ്റ മനുഷ്യരെ റോഡിൽ കണ്ടില്ല, പക്ഷെ കൃത്യമായി വാഹനങ്ങൾ പോകുന്നുണ്ട് ഒരു അപകടവും ഉണ്ടാകുന്നില്ല എന്ന്. അതുപോലെ നല്ല സാങ്കേതിക വിദ്യ ഉപയോഗിച്ച് എന്തെല്ലാം നടപടികളാണ് ഈ മേഖലയിൽ സ്വീകരിക്കാൻ പോകുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ചൈനയിലെ അച്ചടക്കം ഇവിടെ കൂടി വന്നിരുന്നെങ്കിൽ വലിയ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ സാധിക്കുമായിരുന്നു. പക്ഷെ സിസ്റ്റം രണ്ടും രണ്ടായിപ്പോയി. അതിന് ഞാൻ മാത്രം വിചാരിച്ചാൽ പരിഹാരം കാണാൻ പറ്റില്ല. നമ്മുടെ പ്രശ്നം റോഡ് ആക്സിഡന്റുകൾ കുറയ്ക്കുന്നതിനു വേണ്ടിയുള്ള ബോവൽക്കരണ പരിപാടിയാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ച നിർദ്ദേശങ്ങൾ പലതും യോജിക്കാൻ കഴിയുന്നവയാണ്. റോഡിൽ കുഴി ഉണ്ടാക്കുക, ഡിം ലൈറ്റ് ഇടാതെ പോകുക ഇതൊക്കെ ബോധവൽക്കരണത്തിന്റെ കുറവാണ്. അതിനാവശ്യമായ ബോധവൽക്കരണത്തിനുവേണ്ടി ഡിപ്പാർട്ടുമെന്റ്തന്നെ പ്രത്യേക ട്രെയിനിംഗ് ക്ലാസ്സുകൾ എടുക്കുന്നുണ്ട്. അത് നന്നായി കൊണ്ടുപോകുന്നതിനാണ് ശ്രമിക്കുന്നത്.

ശ്രീ. സി. എഫ്. തോമസ് : സർ, ട്രാഫിക് സിഗ്നലുകൾ കേടാകുമ്പോൾ അത് റിപ്പയർ ചെയ്ത് നന്നാക്കി എടുക്കാനുള്ള സമയം വളരെ കൂടുതൽ എടുക്കുന്നു. ബന്ധപ്പെട്ട റോഡ് പി.ഡബ്ല്യൂ.ഡി.-യുടേതാണെങ്കിൽ ട്രാഫിക് പോലീസ് പി.ഡബ്ല്യൂ.ഡി.-യെ എഴുതി അറിയിക്കുകയാണ് ചെയ്യുന്നത്. അതുകഴിഞ്ഞ് പി.ഡബ്ല്യൂ.ഡി ബന്ധപ്പെട്ട ട്രാഫിക് സിഗ്നലിന്റെ ചുമതലയുള്ള കെൽട്രോണോ അതുപോലുള്ള ഏജൻസിയുമായോ കറസ്പോണ്ടൻസ് നടത്തുന്നു. ഇതൊക്കെ ഒഴിവാക്കിക്കൊണ്ട് ഒരു കോൺഫറൻസ് നടത്തി പോലീസ് ഡിപ്പാർട്ടുമെന്റ് ട്രാഫിക് പോലീസിന്റെ ചുമതല ഏറ്റെടുത്തുകൊണ്ട് ബന്ധപ്പെട്ട ആളുകളെ അറിയിക്കുകയും ഉടൻതന്നെ സർവ്വീസ് നടത്തുന്നതിനുള്ള നടപടി എടുക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : സർ, അങ്ങയുടെ നിർദ്ദേശം പരിഗണനാർഹമാണ്.

**ശ്രീമതി ഇ. എസ്. ബിജിമോൾ** : സർ, ട്രാഫിക് സിഗ്നലുകളുമായി ബന്ധപ്പെട്ട് ഗൗരവതരമായ ചർച്ചകൾ ഉണ്ടാകേണ്ടതുണ്ട്. റോഡുകളിൽ സ്പീഡ് ബ്രേക്കറുകൾ സ്ഥാപിച്ചിട്ടുണ്ട്. റോഡിലൂടെ വാഹനങ്ങൾ 120-200 മൈൽ സ്പീഡിലാണ് പോകുന്നത്. 80 മൈൽ സ്പീഡിനുമുകളിൽ പോയാൽ പിഴ അടയ്ക്കണമെന്നുള്ളതാണ് ഇവിടത്തെ സിസ്റ്റം. വാഹനങ്ങളിൽ സ്പീഡ് ബ്രേക്കറുകൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുമോ; സ്ഥിരമായി വാഹനം ഓടിക്കുവന്നവർക്ക് എവിടെയൊക്കെ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട് എന്നുള്ളത് അറിയാവുന്നതാണ്. ആദ്യത്തെ ക്യാമറ കഴിഞ്ഞ് അടുത്ത ക്യാമറ എത്തുന്നതുവരെ 100-120 മൈൽ സ്പീഡിൽ വാഹനമോടിക്കും. വാഹനങ്ങളിൽ സ്പീഡ് ബ്രേക്കർ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിക്കുമോ ?

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതിനെ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രിയാണ് മറുപടി പറയേണ്ടിയിരുന്നത്. റോഡുകളിൽ allowable speed സംബന്ധിച്ച് ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. പക്ഷേ അലസമായി വാഹനമോടിക്കുന്നതുകൊണ്ട് ആ ബോർഡ് ആരും ശ്രദ്ധിക്കാറില്ല. അതാണ് പ്രശ്നം. നിയമം പാലിക്കാൻ തീരുമാനിച്ചാൽ ഇതുപോലുള്ള പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ സാധിക്കും. പക്ഷേ ഇവിടെ നിയമലംഘനങ്ങളാണ് നടക്കുന്നത്. നിയമം പാലിക്കാൻ ബാദ്ധ്യസ്ഥരായവർ തന്നെ നിയമലംഘനം നടത്തുന്നതായാണ് റിക്കോർഡുകളിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. ഇക്കാര്യത്തിൽ consensus ആവശ്യമാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച നിർദ്ദേശം അംഗീകരിക്കാവുന്നതാണ്.

**ശ്രീ. എൻ. ഷംസുദ്ദീൻ** : സർ, ബൈക്കുമായി ബന്ധപ്പെട്ടാണ് വാഹനാപകടങ്ങളിൽ ഏറിയ പങ്കും നടക്കുന്നത്. വാഹനാപകടങ്ങളിൽ കൂടുതലായി മരിക്കുന്നതും പരിക്കേൽക്കുന്നതും വിദ്യാർത്ഥികൾക്കും കുട്ടികൾക്കുമാണ്. നിരത്തിലിറങ്ങുന്ന ബൈക്കുകൾ സി.സി. കൂടിയവയും എഞ്ചിൻ കപ്പാസിറ്റി കൂടിയവയുമായതാണ് ഇതിന് പ്രധാനകാരണം. ശ്രീമതി ഇ. എസ്. ബിജിമോൾ സൂചിപ്പിച്ചതുപോലെ സ്പീഡിന് യാതൊരു നിയന്ത്രണവുമില്ല. കുട്ടികൾ ത്രില്ലിൽ പരമാവധി സ്പീഡിൽ പോകുന്നതുകൊണ്ടാണ് ബൈക്കപകടങ്ങളുണ്ടാകുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇറങ്ങുന്ന ബൈക്കുകളിൽ സ്പീഡ് നിയന്ത്രിക്കുന്നതിന് മാക്സിമം പോകാവുന്ന ഒരു ലിമിറ്റ് വച്ച് സി.സി. കുറച്ചുകൊണ്ടുവരാനുള്ള ഒരു ഇടപെടൽ ഗതാഗത വകുപ്പ് നടത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, മൂന്നുലക്ഷം രൂപ വിലയുള്ള ബൈക്കുകൾ കൊച്ചുകുട്ടികൾക്ക് രക്ഷിതാക്കൾ വാങ്ങിക്കൊടുക്കുകയാണ്. അവയ്ക്ക് ഓടിക്കാവുന്ന സ്പീഡ് allowable speed-നേക്കാൾ മൂന്നിരട്ടിയിൽ അധികമാണ്. കുട്ടികൾ ത്രില്ലിൽ ബൈക്ക് ഓടിക്കുകയാണ്. ഇക്കാര്യത്തിൽ ബോധവത്കരണം രക്ഷകർത്താക്കൾക്കു മുണ്ടാകണം. കാരണം നമ്മുടെ കുഞ്ഞുങ്ങളാണ്. അവർക്ക് ഓടിക്കാനായി മൂന്നുലക്ഷം രൂപയുടെ ബൈക്ക് തന്നെ വേണമെന്നുണ്ടോ, അക്കാര്യത്തിലും ഒരു ലിമിറ്റ് വയ്ക്കുന്നതിനെക്കുറിച്ചുള്ള ബോധവത്കരണമാണ് ഉദ്ദേശിക്കുന്നത്. അത് നമ്മുടെ സമൂഹത്തിന് ആവശ്യമാണെന്നുള്ളതാണ് എന്റെ അഭിപ്രായം.

<u>ശ്രീ. സണ്ണി ജോസഫ്</u> : സർ, അപകടങ്ങൾ കൂടുന്നതോടൊപ്പംതന്നെ അപകടങ്ങളിൽ പരിക്കുപറ്റുന്നവർക്ക് ആവശ്യമായ നഷ്ടപരിഹാരം ലഭിക്കുന്നതിന് വരുന്ന കാലതാമസം വളരെ ഗുരുതരമായ ഒരു പ്രശ്നമാണ്. മോട്ടോർ ആക്സിഡന്റ് ട്രൈബ്യൂണലുകളിൽ പതിനായിരക്കണക്കിന് കേസ്സുകൾ വർഷങ്ങളായി കെട്ടിക്കിടക്കുകയാണ്. അതിന് ഡിസ്പോസലുണ്ടാകുന്നില്ല. അക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ശ്രദ്ധപതിപ്പിച്ച് ആവശ്യമെങ്കിൽ കേസ്സുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ട്രൈബ്യൂണലുകൾ സ്ഥാപിക്കാനും ഗുരുതരമായി പരിക്കേൽക്കുന്നവർക്കെങ്കിലും തക്കസമയത്ത് ചികിത്സയുടെ ആവശ്യഘട്ടങ്ങളിൽത്തന്നെ ഇന്ററിം റിലീഫ് ഉൾപ്പെടെയുള്ള പരിഹാരങ്ങൾ കിട്ടുന്നതിനും ആവശ്യമായിട്ടുള്ള സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഇപ്പോൾ അങ്ങേയ്ക്ക് വളരെ കൃത്യമായി അറിയാവുന്നതുപോലെ, MVOP കേസ്സുകളുടെ വിധിയെക്കുറിച്ചാണ് അങ്ങ് പറയുന്നത്. ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലിന്റെ വിസ്താരം നടക്കുന്നതിന് വളരെ സമയം എടുക്കുന്നുണ്ടെന്നത് ശരിയാണ്. അതിന് ഓർഡർ വരുമ്പോൾ തന്നെ വളരെ താമസമുണ്ടാകുന്നു. പിന്നീട് വിധി നടത്തിപ്പുകൂടി നടന്നെങ്കിൽ മാത്രമേ തുക ഈടാക്കാൻ സാധിക്കുകയുള്ളൂ. പക്ഷേ അതിനകത്തൊരു റിലീഫ് ഉണ്ട്. ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലിനകത്ത് പെറ്റീഷൻ സമർപ്പിക്കുമ്പോൾ ഇമ്മീഡിയറ്റ് റിലീഫിനു വേണ്ടിയുള്ള തുകയുടെ കാര്യവും പറയുന്നുണ്ട്. സാധാരണഗതിയിൽ ആ തുകയും കോടതി ആദ്യം തന്നെ സാങ്ഷൻ ചെയ്യും. ആ പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നുണ്ട് എന്നാണ് എന്റെ വിശ്വാസം. പക്ഷേ അത് കോടതി നടപടികളുടെ ഭാഗമാണ്.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനെ സംബന്ധിച്ചിടത്തോളം അങ്ങേയ്ക്കും അറിയാവുന്നതാണ്. ഏതാണ്ട് 70 കോടി രൂപയിലധികം മുടക്കിയാണ് ബഹുമാനപ്പെട്ട മാത്യു റ്റി. തോമസ് ഗതാഗത വകുപ്പുമന്ത്രിയായിരുന്നപ്പോൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി.എസ്. അച്ചുതാനന്ദൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തറക്കല്ലിട്ടത്. ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും എസ്.എം.വി. സ്കൂളിനടുത്തുനിന്നുള്ള ഘോഷയാത്രയിൽ കതിരപ്പുറത്ത് കയറിവന്നാണ് ബസ്സ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തത്. അതിൽ ശ്രീ. വി. എസ്. ശിവകുമാറും പങ്കെടുത്തിരുന്നു. ഇപ്പോഴും അനാഥമായി ആ സ്ഥാപനം കിടക്കുന്നുവെന്നുമാത്രമല്ല, അതിന്റെ പ്രധാനപ്പെട്ട ഗേറ്റിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ അപാകതകൊണ്ട് റെയ്‌ലിംഗ്സിന്റെ ബുദ്ധിമുട്ടുകാരണം രണ്ടായിരത്തോളം വരുന്ന ആൾക്കാർ ആ റെയ്‌ലിംഗ്സിൽ വീണ് കയ്യും കാലും ഒടിഞ്ഞു. ഇത് തിരുവനന്തപുരത്തിന്റെ പ്രശ്നമാണ്. അങ്ങയുടെ മണ്ഡലത്തിലുള്ള ആളുകളും വീണ് കയ്യും കാലും ഒടിഞ്ഞിട്ടുണ്ട്. അവിടെ പോയപ്പോൾ ഞാനും വീണു. എനിക്കും പരിക്കുപറ്റി. കയ്യും കാലും ഒടിഞ്ഞില്ല.

വളരെ ദയനീയമായൊരു കാര്യമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. വളരെ പാവപ്പെട്ട ദളിത് കുടുംബത്തിൽപ്പെട്ടവരായ അമ്മയും കുഞ്ഞും മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോയി തിരികെ വന്ന് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ ബസ് കാത്ത് നിൽക്കുകയായിരുന്നു. ഡ്രൈവർ ബസ് പുറകോട്ടെടുക്കുകയും അമ്മയുടെ ശരീരത്തിൽക്കൂടി ബസ് കയറിയിറങ്ങുകയും കുട്ടി തെറിച്ച് വീണ് രക്ഷപ്പെടുകയും ആ കുട്ടിയുടെ അമ്മയെ മെഡിക്കൽ കോളേജിൽ കൊണ്ടുപോകുകയും അവിടെ വച്ച് മരണപ്പെടുകയും ചെയ്തു. നാട്ടുകാരെല്ലാവരുംകൂടി പാവപ്പെട്ട സ്ത്രീയുടെ ശവശരീരം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ വച്ചത് കാണാൻ പോയ അവസരത്തിലാണ് ആ റെയ്‌ലിംഗ്സിൽ വീണ് എന്റെ കാലിന് പരിക്കുപറ്റിയത്. അന്ന് ഞാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമായി ഈ വിഷയം സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ആ കുടുംബത്തിലെ മരിച്ചുപോയ യുവതിയുടെ ഭർത്താവിന് ഒരു ജോലി കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അവർക്ക് എത്രയുംപെട്ടെന്ന് ജോലിയും സാമ്പത്തിക സഹായവും അനുവദിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അദ്ദേഹം ഇവിടെ നാലുകാര്യങ്ങളാണ് ചോദിച്ചത്. ഒന്നാമത്തേത്, തറക്കല്ലിട്ടതും എസ്റ്റിമേറ്റ് ഉണ്ടാക്കിയതും ടെണ്ടർ ഉറപ്പിച്ചതും ടെണ്ടർ കൊടുത്തതുമൊക്കെ അന്നത്തെ ഗവൺമെന്റും മുഖ്യമന്ത്രിയുമാണ് ചെയ്തത്. അത് ഞാൻ പൂർണ്ണമായി അംഗീകരിക്കുകയാണ്.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മിനിസ്റ്റർ, തമ്പാനൂരിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ അനുവദിച്ചത് ഞാൻ മിനിസ്റ്റർ ആയിരിക്കുമ്പോഴാണ്. അന്ന് ഒരു കാര്യത്തിൽ ഞാൻ വളരെ നിർബന്ധം പിടിച്ചു. ബസ് സ്റ്റേഷനിൽ നിന്ന് ആൾക്കാരെ കയറ്റിയശേഷം ബസ് പുറകോട്ടെടുക്കാത്ത രീതിയിൽ നിർമ്മിക്കണമെന്ന് പറയുകയുണ്ടായി. പക്ഷേ അതിനുശേഷം ഇത് മാറ്റുകയാണുണ്ടായത്. അതാണ് ഈ അപകടം സംഭവിച്ചത്. ഇങ്ങനെ അപകടമുണ്ടാകുമെന്ന് മുൻകൂട്ടി **കണ്ടിരുന്നതാണ്.**

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് ഇത് അനുവദിക്കുന്ന സമയത്ത് simultaneous ആയി ഈഞ്ചയ്ക്കലിൽ ഒരു ബസ് സ്റ്റേഷൻ ആരംഭിക്കണമെന്ന് പഴയ ഫയലിനകത്ത് പറയുന്നുണ്ട്. അന്നും ഇന്നും അതിന് നടപടി ഉണ്ടായില്ല. അതിനുവേണ്ടി ഞങ്ങളും കുറച്ച് ശ്രമങ്ങൾ നടത്തിയിരുന്നു. .....(ബഹളം)........ ശ്രീ. വി. ശിവൻകുട്ടി ഇവിടെ സൂചിപ്പിച്ച വിഷയം വളരെ ഗൗരവമുള്ള കാര്യമാണ്. അതിന്റെ നടപടികളിലുണ്ടായ പിശക് ഇപ്പോൾ തിരുത്തിയിട്ടില്ല എന്നാണ് പറയുന്നത്. ഇതുസംബന്ധിച്ച് എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഒരു കത്ത് കൂടിയുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. കെട്ടിടം നിർമ്മിച്ചാൽ മാത്രം പോര അത് ടെണ്ടർ ചെയ്ത് കൊടുക്കണം. ഞങ്ങൾ ശ്രമിച്ചു. തമ്പാനൂരിൽ കെട്ടിടത്തിന് മൂന്നുപ്രാവശ്യം ടെണ്ടർ വിളിച്ചു ആരും വന്നില്ല. എന്തുചെയ്യാൻ കഴിയും ? എന്നാലും മറ്റെന്തെങ്കിലും മാർഗ്ഗമുണ്ടാക്കി ഇതിൽ നിന്നും രക്ഷപ്പെടണം എന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം.അതിനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. രൂപകൽപ്പന ചെയ്തതിലോ അതിന്റെ നിർമ്മാണ കാര്യത്തിലോ കാര്യമായ പങ്കുള്ള ആളല്ല ഞാൻ. അവിടെ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകാൻ നടപടി എടുക്കാതിരിക്കാൻ നിവൃത്തിയില്ല. അതിന് വകുപ്പിനെക്കൊണ്ടാകുന്ന വിധത്തിലുള്ള എല്ലാ നടപടികളും സ്വീകരിച്ച് ഭംഗിയാക്കും. കെട്ടിടം നിർമ്മിച്ചാൽ പോര. കുറച്ചുകൂടി ഗുണകരമായി വിനിയോഗിക്കത്തവിധത്തിലുള്ള നടപടികളെടുക്കണം.

ശ്രീ. സി. പി. മുഹമ്മദ് : സർ, രോഗം ബാധിച്ച് ആളുകൾ മരിക്കുന്നത് ഒഴിവാക്കാനായി കോടിക്കണക്കിന് രൂപ ആരോഗ്യ രംഗത്ത് ചെലവഴിക്കുന്ന ഗവൺമെന്റാണ് നമ്മുടേത്. പക്ഷേ അകാലത്തിൽ റോഡുകളിൽ ചതഞ്ഞരയുന്ന ബാല്യങ്ങളുടെയും കൗമാരങ്ങളുടെയും കണക്കുകൾ ഞെട്ടിപ്പിക്കുന്നതാണ്. ബിരുദാനന്തര ബിരുദമുള്ളവർപോലും ട്രാഫിക് നിയമങ്ങളെക്കുറിച്ച് അജ്ഞരാണ്. അതുകൊണ്ട് പ്ലസ്ടു മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികളുടെ സിലബസിൽ ട്രാഫിക് ബോധവൽക്കരണം ഉൾപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ ; ശ്രീ. പി.കെ. ബഷീർ സൂചിപ്പിച്ചതുപോലെ വളവുകളിൽ വച്ച് വാഹനങ്ങൾ ചെക്ക് ചെയ്യുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ആ നിർദ്ദേശം പരിഗണിക്കാവുന്നതാണ്, ഗവൺമെന്റ് അത് പരിശോധിക്കുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി : സർ, ........(മൈക്ക് ഓഫ്)........

മി. സ്പീക്കർ : ശ്രീ. വി. ശിവൻകുട്ടി, മറുപടി എങ്ങനെ പറയണമെന്ന് തീരുമാനിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രിയാണ്. അത് ചെയറിന് കഴിയില്ല.

## കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക സ്ഥിതി

3 (*3) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) അവയുടെ ഫലം വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) കെ.എസ്.ആർ.ടി.സി.-യുടെ വരവ് ചെലവ് അന്തരം കുറച്ച് ലാഭത്തിലേയ്ക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയുമാണ്. കെ.റ്റി.ഡി.എഫ്.സി.യിൽനിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും എടുത്തിട്ടുള്ള വായ്പകൾ മറ്റ് പൊതുമേഖലാ/വാണിജ്യ ബാങ്കുകളിലേയ്ക്ക് മാറ്റുന്നതിനായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിന് M/s SBI CAPITAL MARKETS Ltd. എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച Financial Information Memorandum തയ്യാറാക്കി പൊതുമേഖലാ/വാണിജ്യ ബാങ്കുകൾക്ക് നൽകുകയും അതിൻപ്രകാരം 10 ബാങ്കുകൾ വായ്പ അനുവദിക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. താഴെ പറയുന്ന ബാങ്കുകൾ കൺസോർഷ്യത്തിലേയ്ക്ക് ടി ബാങ്കുകളുടെ പേരിനുനേരെ നൽകിയിരിക്കുന്ന തുക അനുവദിച്ച് നൽകാമെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | - | 350 കോടി രൂപ |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദ്രാബാദ് | - | 50 " |
| ആന്ധ്രാ ബാങ്ക് | - | 100 " |

LIBRARY ARCHIVES Kerala Legislative Assembly